**സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം**
**കെ.പി. ശങ്കരൻ**
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)

1

# സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം

പ്രൊഫ. കെ.പി. ശങ്കരൻ

ഇടശ്ശേരിയുടെ കവിതകൾ
സമ്പാദനം, പ്രസാധനം : പ്രൊഫ. കെ. ഗോപാലകൃഷ്ണൻ,
വള്ളത്തോൾ വിദ്യാപീഠം, ശുകപുരം
വില: 145രൂപ

ഇടശ്ശേരിക്കവിതകളുടെ സമ്പൂർണം എന്ന് വിളിക്കാവുന്ന സമാഹാരമാണ് ഇത്. ഇതിനു പല സവിശേഷതകളുണ്ട്. കൂട്ടത്തിൽ ഗണനീയമായ ഒന്നത്രേ എൻ.വി. കൃഷ്ണവാരിയർ എഴുതിയ പ്രസ്താവന. "ഈ കവിയുടെ കൃതികളിലുള്ള ഉദ്ബുദ്ധമായ താല്പര്യം ഇനിയങ്ങോട്ട് ഏറിവരാനാണ് സാധ്യത" എന്ന് അതിൽ അദ്ദേഹം പ്രവചിച്ചിരിക്കുന്നു. ഈ പ്രവചനം സഫലമാവുന്നതിന് കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം സന്തോഷപൂർവ്വം സാക്ഷ്യം വഹിച്ചുവരികയാണല്ലോ. ഇങ്ങനെയൊരു സന്ദർഭത്തിൽ ഇടശ്ശേരിക്കവിതകൾ ഏകാഗ്രമായി ഇരുന്നു പഠിക്കാനുള്ള സാമഗ്രി സജ്ജമാക്കുന്നു എന്നതുതന്നെ ഈ സമ്പൂർണ സമാഹാരത്തിന്റെ പ്രസക്തി. ഇതു സാധിച്ചു തന്ന പ്രൊ. കെ. ഗോപാലകൃഷ്ണനോട് നാം ശരിക്കും കടപ്പെട്ടിരിക്കുന്നു.

ഏകാഗ്രമായി ഇരുന്നു പഠിക്കുക എന്നത് ഏതു വരിഷ്ഠകവിയോടും പിൻതലമുറ അനുഷ്ഠിക്കേണ്ട കർത്തവ്യമാണ്. പക്ഷേ, ഇടശ്ശേരിയുടെ കാര്യത്തിൽ ഈ പ്രക്രിയ കൂടുതൽ സമഗ്രമാവേണ്ടിയിരിക്കുന്നു. നമ്മുടെ നാടിന്റെ ഏറ്റവും ചലനാത്മകമായ ചില ദശാസന്ധികളിൽ ഈ കവി ഉണർന്നേ ഇരുന്നു. ആ ദശാസന്ധികളുടെ ചൈതന്യം സ്വന്തം ദർശനത്തോടിണക്കി തികച്ചും സ്വകീയമായ ശൈലിയിൽ കവിതകളായി ഉരുത്തിരിക്കുകയും ചെയ്തു. എന്നിരിക്കേ, വിചാരിക്കുന്നത്ര വേഗം വകഞ്ഞൊതുക്കാനാവാത്ത വൈവിധ്യങ്ങൾ. ഒരുവേള വൈരുധ്യങ്ങൾ തന്നെയും ആ കവിതകളിൽ സന്ധിക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. ഇടശ്ശേരിയുടെ പൂർണതയ്ക്കു നിദാനമായ ഈ വസ്തുതയെ നന്നെ സരളമായല്ലേ നാം നേരിടാറ് എന്നത്രെ ശങ്ക. തങ്ങൾക്ക് അഭിമതമായതെന്തോ അതുമാത്രം ഓരോരുത്തരും വ്യാപകമായ ആ കാവ്യലോകത്തു നിന്നും വലിച്ചൂരിയെടുക്കുന്നു. വഴിവക്കത്തെ ഒറ്റമൂലികാ വ്യാപാരികളുടെ അടവായി പിന്നെ. ഇതുതന്നെ ഇടശ്ശേരി എന്ന ശപഥവും, ഇതരം വല്ലതും കൈയിൽ തടയുന്നവരോട് ശാപവും വാചാലമായി നടക്കുന്നു. ഇടശ്ശേരിയെ ഏറ്റവും ആദരിച്ച വൈലോപ്പിള്ളി ആയിടെ ഒരു കവിതയിൽ ഈ ഏർപ്പാടിനെ ശകാരിക്കുകയുണ്ടായി.

"ഇന്നലെ മരിച്ചോരു കുയിലിൻ ജീവസ്നേഹ-
ഖിന്നമായ് കുളിർനീല വർണമാം ജഡം നോക്കി
ആരുടെ ചേരിക്കാരനായിരുന്നെന്നായ്ത്തൂവൽ
നാരുകൾ കീറിത്തർക്കം, എത്ര ശപ്തരിശ്ശപ്പർ!"
(-കുയിൽ മഞ്ഞുകാലത്തെ കരിയിലകൾ - മകരക്കൊയ്ത്ത്)
ആരു ശകാരിച്ചാലെന്ത് - നമ്മുടെ ശപ്പത്തം
സർവോൽക്കർഷേണ വർത്തിച്ചരുളുന്നു!

അഥവാ ഇടശ്ശേരിയുടെതന്നെ ഒരു ഈരടിക്ക്, ഈ വഴിക്കാലോചിക്കവേ, മറ്റൊരു മാനം അനുഭവപ്പെടുകയാണ്. ഏറെക്കുറെ അവസാനകാലത്ത് (1970) എഴുതിയ നിർണായകമായ ഒരു കവിതയത്രേ 'വർണക്കുപ്പായം'. അതിൽ ഇടശ്ശേരി ഉന്നയിക്കുന്ന ഒരു ചോദ്യമുണ്ട്.

**സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം**
**കെ.പി. ശങ്കരൻ**
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)

2

“കാവുതോറുമോടിയെത്തി
വേലകാണുന്നോരേ, നിങ്ങൾ
കാണുവതീയാട്ടം
കഥയറിഞ്ഞുതാനോ?”

ആരോടാണ് ചോദ്യം? തൽക്കാലത്തെ ആവശ്യങ്ങളെയും അല്പത്തങ്ങളെയും ചൊല്ലി തന്റെ കവിതയെ അന്യഥാകരിക്കുന്ന നമ്മോടല്ലേ? ‘കാവ്’ എന്നത് അതിന്റെ മൗലികമായ അർത്ഥത്തിൽ ഇടശ്ശേരിക്കവിതയ്ക്കു തികച്ചും യോജിക്കന്ന രൂപകമാകുന്നു. കാല്പനികതയുടെ വെറും ഉദ്യാനത്തിൽ നിന്നു വേറിട്ട്, വിശാലവും അഗാധവുമായ പ്രതീതിയാണ് കാവ് ഉളവാക്കുന്നതെന്നു മനസ്സിരുത്തുക. മലയാളിയുടെ തനിമയെ അത് ഉണർത്തുന്നു. അങ്ങനെ ക്ലാസിക് ഗാംഭീര്യം ഓളംവെട്ടുന്ന കാവാണ്, ഒരുക്കിനിർത്തിയ ഉദ്യാനമല്ല ഇടശ്ശേരിക്കവിത. മരം കാണുന്ന വ്യഗ്രതയ്ക്കിടയിൽ കാടുകാണാതെപോവുക എന്ന ശാശ്വതമായ വിരോധമുണ്ടല്ലോ. ഈ കാവിൽ അതു സംഭവിക്കാം. വ്യഗ്രതയ്ക്കിടയിൽ തങ്ങൾ കണ്ടെത്തിയ മരമേതോ അതുതന്നെയാണ് കാവ് എന്ന് ആളുകൾ ശഠിക്കയും ചെയ്തേക്കാം. ഇതിനെതിരെ നല്ലൊരു കരുതലാണ് ഈ കനത്ത സമാഹാരം.

കരുതൽ എന്നുവെച്ചാലോ ഇടശ്ശേരിയുടെ കാവിന്റെ വലിപ്പം. വൈവിധ്യം. വൈചിത്ര്യം, ഒക്കെ ഒറ്റനോട്ടത്തിൽ ഉൾക്കൊള്ളാൻ ബൃഹത്തായ ഈ സമ്പുടം സന്ദർഭമൊരുക്കുന്നു. പിന്നെ, കാട്ടിക്കൊടുത്താലും കാണില്ല എന്നു വാശിപിടിക്കുന്നവർ – അവരോട് ഒരു ‘പൊത്തുവരുത്ത്’വുമില്ല! സുകൃതമെന്നു പറയട്ടെ, അത്തരക്കാർ കുറവാണ്. വിഭവങ്ങൾ സ്വയം ചികഞ്ഞുനോക്കി നിഗമനം സ്വരൂപിക്കാനൊന്നും മിനക്കെടില്ലെങ്കിലും അവ സുഗമമാണ് എന്നുവന്നാൽ മിക്ക വായനക്കാരും മുൻവിധികളിൽ അടിയാതെ സൂക്ഷിച്ചോളും. ഈ സമാഹാരം വായനക്കാരെ ഇത്തരമൊരു പ്രക്രിയയിൽ സഹായിക്കുന്നു.

മുന്നൂറോളം കവിതകളാണ് ഇതിലെ ഉള്ളടക്കം. (കൃത്യം പറഞ്ഞാൽ, ഇരുനൂറ്റി തൊണ്ണൂറ്റിരണ്ട്. എൻ.വി. ഇതെങ്ങനെയോ ഇരുനൂറ്റിരണ്ട് എന്ന് കൊടുത്തുകാണുന്നു. അച്ചടിപ്പിശകായിരിക്കുമോ ആവോ?) ഇടശ്ശേരിക്കവിതയുടെ മുഴുവിള ഇതിൽ ഒതുങ്ങുന്നതായി വേണം ഊഹിക്കാൻ. സമാഹാരങ്ങളിൽ ചേർക്കാത്ത എന്നല്ല, ചിലപ്പോൾ മുമ്പ് അച്ചടിക്ക തന്നെയും ചെയ്യാത്ത എഴുപതിൽപരം രചനകൾ കൂട്ടത്തിൽ പെടുന്നു എന്നത് ഈ യത്നത്തെ ഏറെ കൃതാർത്ഥമാക്കുന്നു.

ഉള്ളടക്കത്തെ മിക്കവാറും കാലാനുസാരിയായി സംവിധാനം ചെയ്ത് ഇടശ്ശേരിക്കവിതയുടെ ക്രമികവികാസത്തിന്റെ ഒരു ഋജുരേഖ ചമയ്ക്കാൻ സഹായിക്കുന്നു എന്നതത്രെ ഈ സമാഹാരത്തിന്റെ ഇനിയൊരു സവിശേഷത. അതാതു കവിതകൾ ആദ്യം പ്രസിദ്ധപ്പെടുത്തിയതിന്റെ സൂചനയും നിവൃത്തിയുള്ളിടത്തോളം കൊടുത്തുകാണുന്നു. ഇവിടെയൊക്കെ ചില്ലറ വിടവുകൾ ശേഷിക്കാതെയില്ല. പ്രൊഫ. ഗോപാലകൃഷ്ണൻ നടത്തിയ ദീർഘവും (ഏതാണ്ട് ഒരു ദശാബ്ദം) സൂക്ഷ്മവുമായ അന്വേഷണംകൊണ്ടും നികന്നിട്ടില്ലെന്നിരിക്കെ, അവ നിത്യംതന്നെ എന്നാണോ വിചാരിക്കേണ്ടത്? ഏതായാലും തനിക്ക് നികത്താനാവാത്ത വിടവുകളുടെ സംഗതി സമ്പാദകൻ അടിക്കുറിപ്പിൽ തുറന്നു പറഞ്ഞിരിക്കുന്നു. ഇതുസംബന്ധിച്ച് ശാഠ്യങ്ങളൊന്നുമില്ല, ആരുടെതുണയും സ്വാഗതാർഹമാണ് എന്ന് ചുരുക്കം. ഇടശ്ശേരിയുടെ അത്ര സുപരിചിതമല്ലാത്ത അസ്സലൊരു ഛായാചിത്രം, ആമുഖത്തിന് പുറമെ പ്രൊഫ. ഗോപാലകൃഷ്ണൻ തന്നെ തയ്യാറാക്കിയ ലഘുജീവചരിത്രം – എല്ലാം ഈ സമാഹാരത്തെ സാർഥകമാക്കുന്നു. “സ്വന്തം കർമത്തിലെ ഔന്നത്യമേ കവിതയിലും കാണാവൂ എന്നൊരുതരം നിർബന്ധം തന്നെ ഉള്ളതുപോലെ തോന്നിയിരുന്നു” എന്ന് ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ മർമത്തിൽ തൊട്ടുകൊണ്ട് മകൻ മാധവൻ എഴുതിയ സ്മരണ ഇതിനെ സമ്പന്നം മാത്രമല്ല സമാർദ്രവും ആക്കുന്നു. ഇടശ്ശേരിയുടെ “അളകാവലി”ക്കു മാരാരും ഇ.പി. സുമിത്രനും (സുമിത്രന്റേത് ഇംഗ്ലീഷിലാണ്) ‘പണിമുടക്ക്’ത്തിന് സി.ജെ.

**സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം**
**കെ.പി. ശങ്കരൻ**
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)



തോമസ്സും എഴുതിയ അവതാരികകൾ ഈ സമാഹാരത്തിന് അനുബന്ധം ചമയ്ക്കുന്നു. കവിയുടെ കൈപ്പടയുടെ മാതൃകയാണ് അനുബന്ധത്തിലെ മറ്റൊരിനം.

'വരദാനം' എന്ന കവിത പകർത്തിയ ഒരേടാണ് മാതൃകയായി കൊടുത്തിരിക്കുന്നത്. മാർജിനിൽ മാരാർ 'ബലേ'! എന്ന് രേഖപ്പെടുത്തിയിരിക്കുന്നതാവട്ടെ, ഈ മാതൃകയുടെ മാറ്റിരട്ടിപ്പിക്കുന്നു. പത്തുനാല്പതു പുറം വരുന്ന ഇത്തരം പരിച്ഛദങ്ങൾ കവിതകൾക്കുമുമ്പും പിമ്പുമായി വ്യാപിച്ചുകിടക്കുകയാണ്. കവിതകൾ മാത്രമാണെങ്കിലോ, എണ്ണൂറ്റമ്പത് പുറവും. ഇത്ര വലിയ ഒരു സാക്ഷാൽക്കാരം നമ്മുടെ വേറെ ഏതെങ്കിലും കവിയുടെ കാര്യത്തിൽ സംഭവിച്ചിട്ടുണ്ടോ – സംശയമത്രേ.

ഇടശ്ശേരിക്കവിതയുടെ ഒരു വിശകലനത്തിനോ വിലയിരുത്തലിനോ ഇവിടെ തുനിയുന്നില്ല. ഈ പുസ്തകത്തെ മുൻനിർത്തി അങ്ങനെയൊരു പ്രസക്തി പുതുതായി ഉരുത്തിരിയുന്നുവെന്ന് തോന്നുന്നുമില്ല. കൂടുതൽ പ്രധാനം, ഒരു പക്ഷേ, മറ്റൊന്നാണ്, വിശകലനങ്ങളും വിലയിരുത്തലുകളും വഴി ഇടശ്ശേരിയെക്കുറിച്ച് ഇതിനകം പ്രചരിക്കുന്ന പ്രതിച്ഛായയുണ്ടല്ലോ, അത് അരക്കിട്ടുറപ്പിക്കാൻ ഈ സമാഹാരത്തിലൂടെ നടാടെ ശ്രദ്ധയിൽ പെടുന്ന ഇനങ്ങൾ എത്രമാത്രം പ്രയോജനപ്പെടും എന്ന് മനസ്സിരുത്തുക; ആവശ്യമാണെന്ന് കണ്ടാൽ, ആ പ്രതിച്ഛായ ഇളക്കാനോ പുതുക്കാനോ മടിക്കാതിരിക്കയും.

ശൂന്യതയിലേക്ക് ഒരു കവിയും പൊട്ടിവീഴാറില്ലല്ലോ. ഇടശ്ശേരിയുടെ പ്രതിഭ കണ്ണുമിഴിച്ചത് വള്ളത്തോളിന്റെ പ്രകാശവലയത്തിലേക്കാവാം. പൂർണമായി ഉരുകിത്തെളിയുന്നതിനുമുമ്പ് ആ പ്രകാശവലയത്തിലുൾച്ചേർന്നിരുന്ന നിയോക്ലാസിക് വിഭ്രാന്തികൾ പോലും തുടക്കത്തിൽ ഇടശ്ശേരിയിൽ പ്രഭാവം ചെലുത്തിയിരിക്കാം. അഹല്യ (ആദ്യം വേറൊരാളുടെ പേരിൽ വെളിച്ചം കണ്ടു എന്നതത്രേ ഈ കൃതിയുടെ കൗതുകാവഹമായ വിധി!) ഒരു ലത, വന്ദിപ്പിനമ്മയെ, പാലിപ്പിൻ മാതാവിനെ – ഇത്തരം ദൃഷ്ടാന്തങ്ങൾ ഈ അർത്ഥത്തിൽ ശ്രദ്ധയർഹിക്കുന്നു. എന്നാലും സ്വയം ചോടുറപ്പിക്കുന്നതിലുള്ള നിഷ്ഠ പിന്നീടുള്ള ദൃഷ്ടാന്തങ്ങളിൽ പ്രകടമാണ്.

"എനിക്കിതേ വേണ്ടൂ പറഞ്ഞു പോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം"
(-പുരപ്പണി)

എന്ന പ്രഖ്യാപനം ഉയരുന്നത് ഒട്ടുപിൽക്കാലത്താവാം (1965?) ആ ചോദന പക്ഷേ, നേരത്തെ ഉണരുന്നു എന്നതാണ് മുഖ്യം. അങ്ങനെ ആദർശയാഥാർത്ഥ്യങ്ങൾ – സൗന്ദര്യ വൈരൂപ്യങ്ങൾ – ഇവയെല്ലാം സംബന്ധിച്ച് അന്ന് വിശേഷിച്ചും അപസാമാന്യമായിരുന്ന ഒരു വീക്ഷണം ഇടശ്ശേരി ക്രമമായി വികസിപ്പിച്ചെടുക്കുന്നതിന് തുടക്കത്തിലേ അനേകം കൃതികൾ സാക്ഷ്യം വഹിക്കുന്നു. ഇവയിൽ ചിലതുമായി നമ്മിൽ അധികം പേരും സന്ധിക്കുന്നത് നടാടെ ഈ സമാഹാരത്തിലാവും.

നിയതമായ ഒരു നിലപാടെടുക്കാൻ കഴിയാതെ ചില ആദ്യകാല കവിതകളിൽ ഇടശ്ശേരി ഉഴറുകയാണോ എന്ന് തോന്നും. ഉദാഹരണത്തിന് 'മഴവില്ല്' (നവംബർ 1932), 'കൊടുങ്കാറ്റ്' (ഫിബ്രവരി 1933), തൊട്ടുതൊട്ടുചേർത്ത (പുറം 34-39) ഈ ഇരുകവിതകൾ ഒത്തുനോക്കിയാൽ മതി. ഉദാസീനമായ ഏതാനും ഉല്ലേഖങ്ങൾ, സമകാലികതയുടെ നേരിയ ഒരുന്മേഷം, ഒടുക്കം ദാർശനികതയുടെ നിസ്സീമതയിലേക്ക് ഉയരാനുള്ള ഒരുദ്യമവും – ഇതൊക്കെയാണ് ഒന്നാമത്തേതെങ്കിൽ, രണ്ടാമത്തേതിലെ സൂചന മറിച്ചാകുന്നു.

"നിസ്സംഗനല്ല, ലോകപ്രേമത്തിൻ 'വടംവലി'-
യസ്വസ്ഥനാക്കിത്തന്നെയെന്നെയിട്ടലട്ടുന്നു
വാസ്തവമോതാം ബ്രഹ്മനിർവാണം സ്വാസ്ഥ്യമെങ്കി-
ലീസ്ഥിതിയത്രേയതിനെക്കാളും മനോഹരം"

മുതലായ ഈരടികളിൽ പിൽക്കാലത്തെ ഇടശ്ശേരിയുടെ മൂലസ്പന്ദം തൊട്ടറിയാം. വീണ്ടും

"സംശയം ലേശം വേണ്ടാ പാവങ്ങളുടെ തപ്ത-
നിശ്വാസമത്രേ ലോകം വിറപ്പിച്ചീടുന്ന ഞാൻ.
ഒറ്റനാഴിക മതിയതിനീ ദുഷ്പ്രഭുത്വ-
കോട്ടയെതട്ടിത്തകർത്തീടുവാനെക്കാലത്തും."

എന്ന് കലാശിപ്പിക്കുമ്പോഴാവട്ടെ, 'കൊടുങ്കാ'റ്റിൽ പ്രശസ്തരായ പല മുൻഗാമികളും സാക്ഷാത്കരിച്ച പ്രക്ഷുബ്ധമായ ചൈതന്യത്തിന്റെ പാരമ്പര്യം ഇടശ്ശേരിയും ഏറ്റുവാങ്ങുകയത്രേ.

ഈ വഴിക്ക് കൂടുതൽ നിർണായകമാണ് 'പ്രഭാതം' (സപ്തംബർ 1933). മനോഹരമായേ ഇത് അക്കാലത്തു പൊതുവെ, വർണ്ണിക്കപ്പെടാറുണ്ടായിരുന്നുള്ളു. ഇടശ്ശേരിയോ, പ്രഭാതത്തെ ഒരു പോർപ്പുറപ്പാടാക്കുന്നു കവിതയുടെ സമാപനം.

"സമരം ജീവിതം.
സമാധാനം പക്ഷേ,
മരണപ്രാന്തത്തിൽ സുഷുപ്തി
കൊൾകയാം" (പുറം 45)

എന്ന സന്ദേശത്തിലാണുതാനും. പിറകേ നമുക്കു സുപരിചിതമായ ഇടശ്ശേരിയുടെ സ്വരം ഇവിടെ നാം തിരിച്ചറിഞ്ഞുതുടങ്ങുന്നു.

'34 ജൂലായിലെ രചനയാണ് 'മദ്യമാരണം' മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ പ്രഥമരൂപത്തിന് കവി വഴിയെ മുച്ചൂടും ശസ്ത്രക്രിയ നടത്തി. ഇപ്പോൾ ഈ സമാഹാരത്തിൽ രണ്ടുപാഠവും സമ്പാദകൻ സമർപ്പിക്കുന്നുണ്ട്. ഇവയുടെ താരതമ്യം ഉജ്ജീവകമായ ഒരു പ്രക്രിയയായിരിക്കും. അതു പോട്ടെ; കഥ കവിതയാക്കുക, ആവിഷ്ക്കാരത്തിൽ നാടകീയത കലർത്തുക - ഇങ്ങനെ ഇടശ്ശേരിയിൽ തുടർന്ന് പ്രശസ്തമാവുന്ന പ്രവണതകൾ അന്നേ അങ്കുരിച്ചിരിക്കുന്നു എന്നതത്രെ ഇവിടെ നിർണായകം. അപ്പോഴും രചന സാന്ദ്രമാവാത്തത് മറ്റൊരു പ്രശ്നം. കടുവർണങ്ങളുടെ പുളപ്പും കനത്ത സംഭവങ്ങളുടെ തിരക്കും 'മദ്യമാരണ'ത്തിന്റെ ഭാവശില്പത്തെ എങ്ങനെ ബാധിക്കുന്നു എന്നു മനസ്സിലാക്കാൻ എളുപ്പത്തിലൊരു മാർഗം, പിന്നാലെ വരുന്ന 'പ്രതിജ്ഞ'യുമായി അതൊന്ന് ഇടതട്ടിച്ചു നോക്കലാവും. പ്രതിജ്ഞയിലുമതേ (ജനുവരി '35) പ്രമേയം സമാനമാണ്. പക്ഷേ, ആവിഷ്ക്കാരത്തിന്റെ സാന്ദ്രതയിലും അവബോധത്തിന്റെ സർഗാത്മകതയിലും ഈ കവിത പാടേ വ്യതിരിക്തമായ ഒരനുഭവമത്രേ.

ഇപ്രകാരം വകഞ്ഞുമാറ്റുമ്പോൾപ്പോലുമുണ്ട് 'മദ്യമാരണ'ത്തിൽ ശ്രദ്ധേയമായ ഏതാനും ഇഴകൾ, അതിലെ നായകപാത്രത്തിന്റെ നാശത്തിനു പശ്ചാത്തലമാണ് അയാളുടെ നാട്ടിൻപുറത്തിന്റെ നാശം. 'നഗരവൽക്കരണം' എന്ന ആശയം നമ്മുടെ നാട്ടിൽ അന്നു നാമ്പിട്ടിരിക്കയേ ഇല്ല. എന്നിട്ടും അതിന്റെ സൂചന ഇവിടെ ഇടശ്ശേരി വിന്യസിച്ചിരിക്കുന്നത് ഇന്നു വിചാരിച്ചുനോക്കുമ്പോൾ വിസ്മയം തന്നെ. കൊലയ്ക്കു കൊല എന്ന ശിക്ഷാരീതിയുടെ കൊള്ളരുതായ്മയും ഈ കവിതയിൽ വിവൃതമാവുന്നു.

"ചാരമായ്പ്പണ്ടേ ബലനെന്നാലും-
ചീരനെക്കൊന്നതു മൂലം
ധർമത്തെപ്പാലിച്ചു വെന്നു - നീതി-
മർമജ്ഞന്മാർ തൃപ്തിയാർന്നൂ
ഹാ, പാപമേ* കൊലക്കുറ്റം - ബുദ്ധി-
ലോപത്താൽ ചെയ്കിലും തെറ്റാം.
അത്തെറ്റാവർത്തിക്കയല്ലീ - വീണ്ടും
ബുദ്ധിമാന്മാർ തൻ നിയമം?"
(പുറം 80)

കവിത എന്ന നിലയിൽ വെട്ടാവെളിയായ ഇത്തരം ഈരടികളുടെ കാമ്യത വേറൊരു വശം. പക്ഷേ. പിന്നീട് 'തുലാഭാര'ത്തിലൂടെ തോപ്പിൽഭാസിയും മറ്റും തുമുലമാക്കിയ ഒരു നൈതികസമസ്യയുടെ തുടക്കം ഇവിടെ

കാണുന്നു എന്ന വസ്തുത നിസ്സാരമാണോ?

നഗരവൽക്കരണത്തിന്റെ ആശയം ഏതായാലും സ്പർശിച്ചുവല്ലോ. അതിനോടിണക്കി ഒരംശംകൂടി: നീണ്ടുനീണ്ടു വരുന്ന നഗരത്തിന്റെ ഇരുമ്പു മുഷ്ടി നാട്ടിൻപുറങ്ങളെ ഞെരിക്കുക എന്നത് ഇന്നൊരു പുതിയ സംഗതിയല്ല. ഇതു സംബന്ധിച്ച പ്രവചനം നമ്മുടെ കവിതയിൽ ആദ്യമുയരുന്നത് ഇടശ്ശേരി യുടെ 'കുറ്റിപ്പുറംപാല'ത്തിലൂടെയാവും എന്നു തോന്നുന്നു. '54ലെ രചനയാ ണത്. അവിടെ

"അലരിന്മേൽ വാഴ്ച തുടങ്ങുകയായ്
ശിലയും കരിയും സിമന്റുരുക്കും"
(പുറം 401)

തൊട്ടുള്ള ഈരടികളിലെ സ്വരം എത്രത്തോളം സുപരീക്ഷിതമായി രുന്നു എന്ന് അന്ന് ഒരു പക്ഷേ സൂക്ഷിച്ചിരിക്കയില്ല. ഇന്ന് ഒരു പുനഃപാരായണ ത്തിൽ ആ സ്വരത്തിൽ പ്രവചനസ്വഭാവം നാം തിരിച്ചറിയുന്നു. പരമാർത്ഥമെ ന്താണ്. 54-ൽ അല്ല. 40-ൽത്തന്നെ ഇത്തരമൊരു പൊരുൾ ഇടശ്ശേരി ഉന്നയിക്കു കയുണ്ടായി. അന്നത്തെ ഒരു രചനയായ 'കാളവണ്ടി' നമുക്ക് അപരിചിതമല്ല. 'അളകാവലി' എന്ന സമാഹാരത്തിലും വഴിയേ 'തിരഞ്ഞെടുത്ത കൃതി' കളിലും നാമതുവായിച്ചിരിക്കാം. അതിന്റെ കലാശത്തിൽ ഒരു സൂചനയുണ്ട്. ഗ്രാമവീഥിയിൽ തളർന്നുനീങ്ങുന്ന കാളവണ്ടിയുടെ ഗാനത്തെ 'എതിരേ കുതി ച്ചുവന്ന കാറിൻ ശ്രുതിഭേദി ശബ്ദം വിഴുങ്ങി' എന്ന്, ഇവിടത്തെ വിശേഷണങ്ങളു ടേയും വിഴുങ്ങി എന്ന ക്രിയയുടേയും വിവക്ഷകൾക്ക് നേരെ അന്നു നാം ഉദാ സീനരായിരുന്നു എന്നുവരാം. ഇന്നോ 'പുളിമാവുവെട്ടി' (1963), 'ഒന്നുറങ്ങാൻ' (1972) മുതലായ പിൽക്കാല കവിതകളുടെ വെളിച്ചത്തിൽ, ഇന്ന് ആ വിവക്ഷ കൾ നമ്മുടെ മിഴി വിടർത്തുന്നു. ഇടശ്ശേരിയിൽ വികസിക്കുന്ന നിയതമായ ഒരു വിചാരഗതിയുടെ ക്രമികരേഖകളായി അവ മിന്നിത്തെളിയുന്നു. അഥവാ അതാതു സാഹചര്യങ്ങൾക്കൊത്ത് ഉരുത്തിരിയുന്ന ഇത്തരം പുതിയ ഊന്നലു കളാണല്ലോ പുനഃപാരായണത്തെ പ്രസക്തമാക്കുന്നത്. ഇങ്ങനെയൊരു പ്രസക്തി അനിഷേധ്യമാവുന്ന ഒട്ടേറെ ദൃഷ്ടാന്തങ്ങൾകൊണ്ട് ദീപ്തമത്രേ ഈ സമാഹാരം.

'35 മാർച്ചിലെ ഒരുദ്ഗമമാണ് 'വൃഥാവിലാപം'. ഇതിലെ സ്വരത്തിൽ സ്ഫുരിക്കുന്ന നർമം, ചങ്ങമ്പുഴ കോളുകൊള്ളുന്ന അക്കാലത്ത്, വെറുതെ ഒരു വ്യത്യസ്ത വീചി എന്ന നിലയ്ക്കെങ്കിലും നാം വേണ്ടത്ര ശ്രദ്ധിച്ചിരി ക്കുമോ എന്തോ? ഏതായാലും ശ്രദ്ധിക്കേണ്ടവർക്ക് ഒരു രേഖയായി ഇത് 'അള കാവലി'യിൽ ചേർത്തിരുന്നു എന്നെങ്കിലും ആശ്വസിക്കാം. എന്നാൽ മുമ്പു സമാഹാരങ്ങളിലെങ്ങും ചേർക്കാത്ത ഉദ്ഗമമത്രെ '34 നവംബറിൽ 'അവരുടെ ദാമ്പത്യം' (പുറം 83-84). ഇടശ്ശേരിയുടെ നർമവും നാടൻകാരണവത്തവും അവയിലൂടെയൊക്കെ നാമ്പിടുന്ന ജീവിതവീക്ഷണവും സാക്ഷ്യപ്പെടുത്തുന്ന ഇത്തരം നിരവധി ഇനങ്ങൾ ഈ സമ്പൂർണ സമാഹാരത്തിന് നിസ്തുലമായ സാഫല്യം പകരുന്നു.

'പുഷ്പബാണവിലാസ'ത്തിലെ പദ്യങ്ങളുടെ പരിഭാഷയാണ് ഇവിടെ സ്മരിക്കേണ്ട മറ്റൊരു ദൃഷ്ടാന്തം. (പുറം 126-33) കൈയെഴുത്തു പ്രതിയിൽ നിന്ന് ഇതു കണ്ടെടുത്തത് ശരിക്കും ഒരു കണ്ടെടുക്കൽ തന്നെ. ചില പരിഭാഷ കൾക്ക് പാഠാന്തരവും കൊടുത്തിരിക്കുന്നു. ഇടശ്ശേരി ഈ ഉദ്യമത്തിനുമേൽ ഒട്ടൊന്നു മിനക്കെട്ടിരിക്കുമെന്നു ചുരുക്കം. അതോ, 36 ജൂണിലെ രചനയായ 'ഭാരതപ്പുഴ'യ്ക്കു തൊട്ടുപിറകെയാണ് ഇതിന്റെ സ്ഥാനം.

"മലർനിരകളും മധുകരങ്ങളും
മലയജച്ചാറും മധുരഹാസവും
നറും നിലാവൊളി പരന്ന രാത്രിയും
മറക്കുവിൻ, മാന്യയുവാക്കളേ നിങ്ങൾ
(പുറം 124-5)

എന്ന് 'ഭാരതപ്പുഴ' സന്ദർഭവശാൽ പ്രഖ്യാപിക്കുന്നു. അതിന്റെ പിന്നാലെ (36 ഒക്ടോബർ)യാണ് കവി 'പുഷ്പബാണവിലാസ'ത്തിൽ പൊരുന്നിരിക്കുന്ന

സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം
കെ.പി. ശങ്കരൻ
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തംബർ 16)



ത് എന്നതിലെ പൊരുള് ആലോചനാരമണീയമത്രെ. അഥവാ, 'ഭാരതപ്പുഴ'യുടെ കലാശം നമുക്ക് ഒരിക്കൽക്കൂടി മനസ്സിരുത്തുക.

"നിയതഭോഗത്തിൻ കയത്തിൽത്താഴാനും
സ്വയം സ്വകർത്തവ്യനഗത്തിലേറാനും
നിരന്തരമായ നീപുണതയ്ക്കൊരു
നികഷമല്ലയോ നിറഞ്ഞ താരുണ്യം"
(പുറം 125)

താരുണ്യം വറ്റാത്ത കവിപ്രതിഭയുമതെ, വിപരീതങ്ങളെ വിലയിപ്പിച്ചെടുക്കുന്ന ഈ 'നിപുണത'യിൽ വ്യാപരിക്കുന്നു എന്നതാണല്ലോ വസ്തുത.

വിപരീതങ്ങളെ വിലയിപ്പിക്കാൻ മാത്രമല്ല, അവയുടെ അദ്വൈതം മനസ്സിലാക്കി അങ്ങനെ സമതുലിതമായ ഒരു വീക്ഷണം വികസിപ്പിക്കാനും ഇടശ്ശേരിക്കു സാധിച്ചു. പാപം, പ്രായശ്ചിത്തം – പലരുടെ ധാർമികതയും ഈ ദ്വന്ദ്വത്തെച്ചൊല്ലി പരിഭ്രമിക്കാനാണല്ലോ ഇട. തനിക്ക് അങ്ങനെ പരിഭ്രമമൊന്നുമില്ല എന്നു വിളിച്ചു പറയുന്നു. 1940–ലെ രചനയായ 'ഭക്തഗായകൻ'. ഇടശ്ശേരിയുടെ വ്യക്തിത്വം പഠിക്കുമ്പോൾ പ്രത്യേകം ശ്രദ്ധേയമായ ഈ രചനയും മുമ്പ് ഒരു സമാഹാരത്തിലും പെട്ടിട്ടില്ല.

ആദ്യസമാഹാരമായ 'അളകാവലി'യിൽ പെടുത്തിയ ഇനമാണ് 'നിഴൽപ്പാട്ടിൽ'. മാരാർ ഒരു 'ദോഷഘോഷണ'യ്ക്ക് പഴുതുകണ്ട ('അളകാവലി' മാരാർ എഴുതിയ അവതാരിക – അനുബന്ധം രണ്ട് – പുറം 861–2) ഈ ഇനം, എന്നെസ്സംബന്ധിച്ചിടത്തോളം, ഈ സന്ദർഭത്തിൽ പ്രധാന്യം നേടുന്നത് മുകളിൽ സ്പർശിച്ച സമതുലിതമായ വീക്ഷണത്തിനു നിദർശകം എന്ന നിലയ്ക്കത്രേ.

"ഋതവുമനൃതവും പരകോടിയിൽപ്പക്ഷേ
സ്ഥിതി ചെയ്‌വതു തമ്മിൽ
തോളുരുമ്മിക്കൊണ്ടല്ലോ!"
(പുറം 184)

എന്ന് ഇവിടെ (1940) നിരീക്ഷിക്കുന്നു. '55ലെ ഒരു രചനയാണ് 'വിധിയെഴുതുമ്പോൾ'. (ഇതും മുമ്പു സമാഹരിക്കപ്പെട്ടിട്ടില്ല.)

"തലനാർക്കൊടിയുടെ നൂറാലൊരു
കനമേലും വരകൊണ്ടല്ലോ
നലമോടതിരു വരച്ചതു ദൈവം
ശരിയും തെറ്റും തമ്മിൽ"
(പുറം 428)

എന്ന് അതിൽ സ്വന്തം നില ഇളക്കി വെച്ചുറപ്പിച്ചിരിക്കുന്നു.

ഇത്രകാലവും സമാഹാരങ്ങളിൽ ചേർക്കാതിരുന്ന ചില കവിതകളെ ഇതിനകം പരാമർശിച്ചു. ആ വകുപ്പിൽ ഇനിയും പലതും വരികയും ചെയ്യും. അന്യഥാ നഷ്ടപ്പെടുമായിരുന്ന അവയെ നമ്മുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു എന്നതുതന്നെ സമ്പാദകന്റെ ഏറ്റവും വലിയ ധന്യത. ഇത് ആവർത്തിക്കുന്നതോടൊപ്പം, ഇത്തരം രണ്ടെണ്ണത്തിന് അടിവരയിടുകകൂടി വേണ്ടിയിരിക്കുന്നു. '65ലെ 'ലിഫ്ട് ഇറിഗേഷൻ കനാൽ' (പുറം 597–8) ആണ് ഒന്ന്. '68ലെ 'പൊന്നാനി' (പുറം 663) ഇനിയൊന്നും. ഏത് ഇടശ്ശേരി വിദ്യാർത്ഥിയേയും ഇവയോടുള്ള സംവാദം സന്തോഷിപ്പിക്കാതിരിക്കയില്ല; ഇവയിൽ നിന്ന് ചിലത് സംഭരിക്കാൻ അയാൾക്ക് സാധിക്കാതെയും വരില്ല.

തിരഞ്ഞെടുത്ത ഒരു വാല്യം കവിക്ക് കൈവരുന്ന മികച്ച സൗഭാഗ്യം തന്നെ എന്നത്രെ സാധാരണ സങ്കല്പം. ആണ്; എന്നാലും അതിൽ പതിയിരിക്കുന്ന അപകടം കാണാതെ വയ്യ. വല്ല ഹേതുവാലും ഒരു രചന അതിൽ പെടാതെ പോയി എന്നിരിക്കട്ടെ; പിന്നെ അതിന്റെ പ്രചാരം ലോപിക്കാനാണ് ഇട. 1966–ൽ ഷഷ്ടിപൂർത്തിയോടനുബന്ധിച്ചാണല്ലോ 'ഇടശ്ശേരിയുടെ തിരഞ്ഞെടുത്ത കൃതികൾ പ്രസിദ്ധപ്പെടുത്തിയത്. അതിലേയ്ക്ക് അന്നുവരെയുള്ള പുസ്തകങ്ങളിൽനിന്ന് ഇനങ്ങൾ തിരഞ്ഞെടുക്കാൻ നിയുക്തരായവർ ചിലത് നീക്കിനിർത്തി. നീക്കി നിർത്തിയവയൊക്കെ തീർത്തും അഗണ്യങ്ങൾ

എന്നല്ല അർഥം. പക്ഷേ, ഫലത്തിൽ അങ്ങനെയായിപ്പോയോ എന്നാകുന്നു ശങ്ക! 1944-ലെ രചനയത്രെ 'കൈക്കോട്ടിന്റെചിരി'. യഥാർത്ഥത്തിൽ അർഹിക്കുന്ന ശ്രദ്ധ അതിനു ലഭിച്ചുവോ? കർമം, ഫലം – ഈ ദ്വന്ദ്വവും ഇതിനിടയ്ക്കു വന്നുവീഴുന്ന ഹിതകരമല്ലാത്ത വിടവും ഇടശ്ശേരിയുടെ ദർശനത്തെ ആഴത്തിൽ സ്വാധീനിച്ച അംശങ്ങളത്രേ. ആ നിലയ്ക്ക്, വിശ്രുതമായ 'ഊർച്ചയും വിത്തൂന്നലും' (1950) പോലെ. വ്യതിരിക്തമായ പരിഗണനയ്ക്ക് പാത്രമാവേണ്ടിയിരുന്നു 'കൈക്കോട്ടിന്റെ ചിരി'-രൂപത്തിന്റെ സാന്ദ്രത അതിൽ യോജിച്ചതു പോരെങ്കിൽപ്പോലും. പിറകെ, 'കാളയോ കലപ്പയോ' എന്ന രചനയ്ക്കും (1951) ഇതുതന്നെയായില്ലേ വിധി? ഇടശ്ശേരിയുടെ ഗ്രാമീണമായ ആർജവം, പാരുഷ്യം, ഫലിതം, പ്രായോഗികത – എല്ലാം ഇതിൽ നിറഞ്ഞു നില്ക്കുന്നു; കവിതയ്ക്ക് പരമാവധി നാടകീയത നൽകുക എന്ന നിഷ്ഠയും. എന്നിട്ടും ഇത് ഗൗനിക്കപ്പെട്ടതു മതിയായോ എന്നാണ് സംശയം. ഈ സമ്പൂർണ്ണ സമാഹാരത്തിൽ സ്ഥാനം പിടിച്ചതോടെ, ഇത്തരം രചനകൾ ആളുകളുടെ ഗൗരവാവഹമായ ശ്രദ്ധ ഏറെയൊക്കെ ആകർഷിച്ചോളും എന്നു പ്രതീക്ഷിക്കുക.

ഈ പുസ്തകത്തിന്റെ പ്രസാധനത്തെക്കുറിച്ച് എന്തുപറയട്ടെ: അസാരം വലിയ ലിപികളിൽ അടിച്ചാൽക്കൊള്ളാമായിരുന്നു എന്നത് അതിമോഹമാവാം. അങ്ങനെ വലിയ ലിപികൾ ഉപയോഗിച്ചാലോ, പുസ്തകം രണ്ടുഭാഗമായി പകുക്കേണ്ടിവരും. ഇതിന്റെ വ്യാപാരവശം എന്തോ ആവട്ടെ, ഇപ്രകാരം ചെയ്താൽ പ്രസാധനത്തിനു കുറേക്കൂടി പൂർണത കൊടുക്കാമായിരുന്നു. ഉദാഹരണത്തിന്, തിരഞ്ഞെടുത്ത കൃതികളിൽ ചിലതിന് ചേർത്ത കുറിപ്പുകൾ; ഇടശ്ശേരിയെപ്പോലെ പ്രാദേശികത്തനിമ പാലിക്കുന്ന ഒരു കവിയെ പഠിക്കാൻ അവ ഉതകും എന്നു തോന്നുന്നു. ഈ സമാഹാരത്തിൽ അവ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുകയാണെങ്കിലോ, വെറുതെ തിരഞ്ഞെടുത്ത കൃതികളിലെ കുറിപ്പുകൾ എടുത്താൽ പോരല്ലോ. കൂടുതൽ കവിതകൾക്ക് അവ ഒരുക്കുക എന്ന പുതിയ ബാധ്യത ശേഷിക്കുന്നു.

തിരഞ്ഞെടുത്ത കൃതികളിൽനിന്ന് കുറിപ്പുകൾ ഒഴിവാക്കിയാലും മുഖ്യമായ മറ്റൊരിനം ഒഴിവാക്കിയിട്ടില്ല – പല കവിതകളും അവതരിപ്പിച്ചുകൊണ്ട് കവിയരുളുന്ന ആമുഖം. ഇത് പില്ക്കാല കവിതകൾക്ക് കിട്ടാതെ പോയല്ലോ എന്ന് ഇനി വിഷാദിച്ചിട്ട് പ്രയോജനമില്ല. കിട്ടിയേടത്തോളം നില നിർത്തുക. ഇതു സംബന്ധിച്ച് നിശ്ചിതമായ ഒരു സമീപനം സമ്പാദകൻ പുലർത്തുന്നില്ലായിരിക്കുമോ എന്ന് പേടി. 'വസന്തം', 'എന്റെ ആത്മാർഥത' രണ്ടിനും തിരഞ്ഞെടുത്ത കൃതികളിൽ കൊടുത്തിരിക്കുന്ന അവതരണക്കുറിപ്പുകൾ ഇവിടെ അപ്രത്യക്ഷമായിരിക്കുന്നു. ഇവയിൽ 'വസന്ത'ത്തിന്റെയെങ്കിലും കുറിപ്പ് വർജിക്കാനാവാത്ത വണ്ണം മൗലികമാണുതാനും.

പാഠാന്തരങ്ങൾ നിർദേശിച്ചിരിക്കുന്നതിലും പറ്റിയിട്ടുണ്ടാവാം നേരിയ പാളിച്ചകൾ. സമ്പാദകൻ ഒത്തുനോക്കിയ ഉപാധികൾ ഏതൊക്കെയോ എന്തോ? ആദ്യത്തെ അച്ചടിപ്പാഠവും കവിയുടെ കൈയെഴുത്തുപ്രതിയും തമ്മിലാവാം കാര്യമായും താരതമ്യം, മറ്റുപാധികൾ കിട്ടുന്നിടത്തോളം ഈ താരതമ്യത്തിന്റെ വ്യാപ്തി വർധിക്കുന്നു എന്നതാവാം വസ്തുത. ഉദാഹരണത്തിന്, ഇടശ്ശേരി കുറെ ഒടുക്കം വെച്ചെഴുതിയ മികച്ച ഒരു കൃതിയാണ് 'ഒളിച്ചോട്ടം'. കവിക്ക് ഇതിൽ അറം പറ്റിയോ എന്ന് ഇന്ന് നാം ഞെട്ടലോടെ ആലോചിച്ചുപോവുന്നു. '74ലെ ഈ കൃതി '77ൽ കവിതാസമിതിയുടെ വാർഷികസമ്പുടത്തിൽ ഉൾപ്പെടുത്തുകയുണ്ടായി (കവിത 1150). അവിടത്തെ മാറ്റങ്ങൾ കേവലം അഗണ്യങ്ങളല്ല. 'ഒളിച്ചോട്ടം' എന്ന തലക്കെട്ടുതന്നെ ഒരു ചോദ്യചിഹ്നത്തോടെയാണ് അവിടെ ചേർത്തിരിക്കുന്നത്. കവിതയുടെ കാമ്പിലേക്ക് പ്രകാശം പൊഴിയുന്ന ഒരു കുറിപ്പ് ഇവിടെയുള്ളതാവട്ടെ (പുറം 837), അവിടെ കാണുന്നുമില്ല. വേറെയും കാണാം പാഠാന്തരങ്ങൾ. ഇങ്ങനെ ചിലതൊക്കെ ഇതരകവിതകളിൽ വല്ലതിനെച്ചൊല്ലിയും സംഭവിച്ചിട്ടുണ്ട് എന്നുവരാം. ഇത് എടുത്തുപറയുന്നത് സമ്പാദകന്റെ പാളിച്ചയിൽ വിരലമർത്താനല്ല. പിന്നെയോ ഇടശ്ശേരിപ്പഠനത്തിൽ തുടർന്ന് ഏർപ്പെടുന്നവർ

ഏറ്റെടുക്കേണ്ട പ്രാഥമികപരിശോധനകളുടെ സ്വഭാവം വെളിപ്പെടുത്താനാണ്.

വിപുലമായ ഈ സമാഹാരം ഉളവാക്കുന്ന വേറെ ഒരലോസരവും സ്പർശിക്കാതെ വയ്യ: അച്ചടിപ്പിഴകളുടെ പെരുപ്പമത്രെ അത്. ഒട്ടും പിഴയേല്ക്കാതെ ഒരു പുസ്തകം അടിച്ചെടുക്കുക എന്നത് നമ്മുടെ നാട്ടിൽ ഇന്ന് ഒരു സ്വപ്നം മാത്രമാവാം. പിഴകളുമായി കുറെയെല്ലാം പൊരുത്തപ്പെട്ടുപോവാൻ ഇവിടത്തെ വായനക്കാർ ശിക്ഷിതരാണ്. എന്നല്ല, ഇടശ്ശേരിക്കവിത പടിഞ്ഞിരുന്നത് ഇഴപേർക്കാൻ അസാരം സിദ്ധി ആവശ്യമത്രേ. അതുള്ളവർക്ക് ഏതാനും അച്ചടിപ്പിഴകൾ സ്വയം തിരുത്തുക എന്നത് അസാധ്യമാവില്ല. എങ്കിലുംആ പാകത്തിലൊന്നും അടങ്ങുന്നതല്ല ഇതിലെ പിഴകളുടെ പെരുപ്പം. ചിലത് പരമ്പരയായി പകർന്നുവരുന്നതാവാം. അവയുടെ സാംഗത്യത്തെപ്പറ്റി സമ്പാദകൻ ചിന്തിച്ചിരിക്കയില്ല എന്നേ പറയാനാവൂ. തിരഞ്ഞെടുത്ത കൃതികളിലും (അതിനു മുമ്പത്തെ ഉപാധികളുമായുള്ള താരതമ്യത്തിന് തല്ക്കാലം ഞാനാളല്ല.) ഇവിടെയും ഒരു പോലെ ആവർത്തിച്ചു കാണുന്നതും, ഉപരിവിചാരണ അർഹിക്കുന്നു എന്ന് അനുഭവപ്പെടുന്നതുമായ ചില ഉദാഹരണങ്ങൾ.

1. പ്രസിദ്ധമായ 'പൂതപ്പാട്ട്' എഴുത്തുപള്ളിയിൽ പോയ കിടാവുതിരിച്ചെത്താഞ്ഞ് നങ്ങേലി തേടിയിറങ്ങുന്നതാണ് പ്രകരണം:

"വെയിൽ മങ്ങീ മഞ്ഞക്കതിരുപൊങ്ങീ
വിദയങ്കണത്തിലെക്കാർകൾ പൊങ്ങീ"
(പുറം 375)

ഇവിടെ രണ്ടാംവരിയുടെ അന്ത്യം 'ചെങ്ങീ' എന്നാവണ്ടേ? 'തുടുത്തു' എന്ന അർത്ഥത്തിൽ ഇടശ്ശേരി പ്രയോഗിക്കാത്തതല്ലതാനും ആ പദം.

("ചെങ്ങീ ഗൃധ്രജടായുച്ചിറകടിയേറ്റു നുറുങ്ങിയപോലഭ്രം" എന്ന് 'ഭീരു'വിൽ - പുറം 684)

2. 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'-തന്റെ അനുജൻ നാളെ മുതിരുമ്പോൾ യജമാനന്റെ മധുരാകൃതിയാർജിക്കും എന്ന് പാറു മുഗ്ധസ്വപ്നത്തിൽ മുഴുകുകയാണ്. 'ഇരമ്പൻമേൽമീശ' എന്നാണ് ഈ സന്ദർഭത്തിൽ പ്രചരിച്ചുകാണുന്ന പാഠം (പുറം 404). 'അരിമ്പൻ' എന്ന വിശേഷണത്തിന്നാവില്ലേ ഇവിടെ ഏറെ പൊരുത്തം?

3. 'കാറ്റും വെളിച്ചവും' - പ്രകൃതിയുടെ പൊരുളിലേക്ക് ഒരു കതിരുപൊഴിഞ്ഞുകൊണ്ട് കവിതകലാശിക്കയാണ്.

"ദുർബലതേ, നീ മാതാവാകേ,
പ്രതിഭാശക്തികൾ നിൻകുഞ്ഞിൻ പൂ-
ന്തൊട്ടിൽ പതുക്കനെയാട്ടുന്നൂ നിൻ
കല്പന വിശ്വനിയാമകശക്തി."
(പുറം 501)

'പ്രതിഭാശക്തി'കളെന്നതിന് അച്ചടിയുടെ പ്രമാദമുണ്ടെങ്കിലും. 'പ്രതിഭട' എന്നാവണ്ടേ ഇവിടെ പാഠം?

ഇനി പണ്ടത്തെ തിരഞ്ഞെടുത്ത കൃതികളിൽ ഇല്ലാതെ ഇപ്പോൾ ഈ സമാഹാരത്തിൽ സ്ഥാനം പിടിക്കുന്ന ചില പിഴകൾ. വായനക്കാർ ഇവ സ്വയം തിരുത്തിക്കോളുമോ? എനിക്കുറപ്പുപോരാ.

1. 'സൗന്ദര്യാരാധന'യിലെ ആദ്യത്തെ ശ്ലോകം. "സങ്കല്പിച്ചതുപോല പൂർണമുലകം" എന്നു വേണ്ടത്, "സങ്കല്പിച്ചതുപോലെ പൂർണമുലകം എന്നടിച്ചിരിക്കുന്നു. (പുറം 190).

2. 'കറുത്തചെട്ടിച്ചിക'ളുടെ കലാശഖണ്ഡം:

"കുപ്പിവളകളും ചാന്തു സിന്ദൂരവും
ചീർപ്പ് കണ്ണാടിയും മട്ടിപ്പശയുമായ്"

ഇത് ഈ സമാഹാരത്തിൽ ചില്ലു കണ്ണാടിയായി പരിഷ്കാരം വരിക്കുന്നു.

**സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം**
**കെ.പി. ശങ്കരൻ**
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)



3. 'പൂതപ്പാട്ട്'-ഈ കവിതയോളം തന്നെ ആകർഷകമത്രെ ഇതിന് ഇടശ്ശേരി എഴുതിയ അവതരണക്കുറിപ്പും. ഇതിലുപയോഗിച്ച 'സാങ്കല്പികതേജസ്സുകൾ' ഈ സമാഹാരത്തിൽ 'സാങ്കേതികതേജസ്സുക' ളായി വേഷം മാറിയതു സങ്കടം തന്നെ. (പുറം 370)

4. 'തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുന്നു'- ഇവിടെ 'തറവാട്ടിനു തൂമ്പാംതയ്യ്'ലിനെ 'തുമ്പാ'ക്കി ചുരുക്കിക്കളഞ്ഞു. (പുറം 443)

5. 'വർണക്കുപ്പായ'ത്തിലുണ്ട് വളരെ അർഥഗർഭമായ ഒരു ഈരടി.

"ബിംബം പെരുമാറിത്തേഞ്ഞു
മൂർത്തിയറിയാതായപ്പോൾ
ബിംബത്തിന്നു ദേവതയോ ബലിയാടാവാൻ!"

ഇവിടെ 'പെരുമാറി'ക്കു പകരം 'പേരുമാറി' എന്നായാലോ (പുറം 719)

ഈ പട്ടിക നീട്ടാനുദ്ദേശിക്കുന്നില്ല. ഇത്തരമൊരു സമാഹാരമൊരുക്കുമ്പോൾ ഉദാസീനമാവരുതാത്ത ഒരുവശം നിരീക്ഷിക്കുകമാത്രമായിരുന്നു എന്റെ ഉന്നം.

അച്ചടിയോടിണക്കി മറ്റൊരംശം കൂടി നിരീക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഏത് കവിയേക്കാളുമേറെ നാടകീയതയിൽ നിഷ്ക്കർഷിക്കുന്ന ആളാണല്ലോ ഇടശ്ശേരി. കഥ കവിതയിൽ വിന്യസിക്കുന്നതിന്റെ മികച്ച മാതൃകകൾ ഇവിടെ സുലഭം. കൂട്ടത്തിൽ വിശേഷിച്ചു സൂക്ഷിക്കേണ്ടഒന്നാണ് 'മിണ്ടാപ്രാണികൾ' (പുറം 593-6). ഇന്ത്യയിലെ ഭാഷാപ്രശ്നത്തെ ഇങ്ങനെ ഒരു കവിതയിലേക്ക് ഉപസ്തരിക്കാമെന്ന ധാരണ ഏറെ കവികൾക്ക് ഉദിക്കണമെന്നില്ല. ഉദിച്ചാലും ഉൽപ്പന്നം ആശയപ്രധാനമാവാനാണ് സാധ്യത. ഇടശ്ശേരിയാവട്ടെ, അസ്സലൊരു ജീവിത സന്ദർഭത്തോടമ്പയിച്ച്. നാടകീയതയരുളി, അങ്ങനെ 'മിണ്ടാപ്രാണികൾ' സ്മരണീയമാക്കുന്നു. ആ 'കാലുറജുബ്ബയുമിട്ട ഹിന്ദിക്കാരൻ' നേരെ നമ്മുടെ മനസ്സിൽ കേറി സ്ഥലം പിടിക്കുന്നു. ഇത്തരം നാടകീയരചനകൾക്ക് ന്യായമായും ഒരു ശില്പലക്ഷണം കാണും: പല ഖണ്ഡികകളായി പകുത്ത ആഖ്യാനം, ഓരോ ഖണ്ഡികയും ആഖ്യാനത്തിലെ അതാതു ഘടനകളായി തിരിഞ്ഞുനിൽക്കുന്നു. ഈ തിരിവുകൂടാതെ വരികൾ നിരത്തി അടിച്ചുപോവുക എന്നത് ഇത്തരം കവിതകളോടുള്ള കടുത്ത നീതികേടാവും. ഖണ്ഡിക തിരിക്കാതെ ഇക്കാലത്ത് ഒരു കഥ അച്ചടിച്ചാലത്തെ അസ്വാരസ്യം ആലോചിച്ചുനോക്കുക. സമാന്തരമായ അസ്വാരസ്യം തന്നെ കവിതയിലും അനുഭവപ്പെടുന്നു. വിശേഷിച്ചും ഇടശ്ശേരിക്കവിതയിൽ.

ഇത്തരം തിരിവ് ഇവിടെ പറ്റെ അവഗണിച്ചിരിക്കുന്നു എന്നല്ല പരാതി. അതിന് അവലംബിച്ച സങ്കേതം ഫലപ്രദമാവുന്നില്ല എന്ന് മാത്രമാണ്. വരികൾക്കിടയിൽ മേലുകീഴ് അസാരം പഴുത് കൂടുതൽ അനുവദിക്കുക എന്നതാണ് ആ സങ്കേതം. ഇത് പലപ്പോഴും കണ്ണിൽ പതിയാതെ പോവുന്നു. പകരം, പുതിയ ഖണ്ഡികയുടെ ആദ്യത്തെ വരി അല്പം വലത്തോട്ടുനീക്കി ആരംഭിക്കുക എന്ന സാധാരണ സങ്കേതം തന്നെയായേനെ സഹായകം. ഇത് ഈ സമാഹാരത്തിന്റെ സംവിധാനത്തിൽ നിശ്ശേഷം അപരിചിതമല്ലതാനും. 'ഒരു ഗന്ധർവൻ പാടുന്നു. എന്ന പ്രശസ്ത കൃതി (പുറം 622-7)-ഇതിൽ ഖണ്ഡികതിരിച്ചിരിക്കുന്നത്. വായനക്കാരന് ആവശത്തെക്കുറിച്ച് ശങ്കയ്ക്ക് വകയേ ഇല്ലാത്ത വിധത്തിലാണ്. ഈ സങ്കേതം ഏകരൂപമായി പാലിക്കാമായിരുന്നു.

ഗൾഫിൽ നിന്ന് ഒരജ്ഞാത സുഹൃത്ത് ഇതിനകം എനിക്കെഴുതി: 'ഇടശ്ശേരിയുടെ കവിതകൾ' നിദർശകമാക്കിക്കൊണ്ട്, അതിപോലൊരു സമ്പൂർണ്ണ സമാഹാരത്തിന്റെ നേട്ടം വൈലോപ്പിള്ളിക്കും ലഭിക്കുമാറാക്കാൻ ശ്രമിച്ചുകൂടെ? അത്തരമൊരു ശ്രമം ഏറ്റെടുക്കാനുള്ള ഏകാഗ്രതയോ സാഹചര്യമോ എനിക്കുണ്ടോ എന്നത് ഇരിക്കട്ടെ, ആ സുഹൃത്തിന്റെ അന്വേഷണത്തിലെ സൂചനയ്ക്ക് ഞാൻ ആഹ്ലാദപൂർവം അടിവരയിടുന്നു. സൂചന മറ്റൊന്നുമല്ല: ഈ സമാഹാരം അത്രമേൽ സുനിബദ്ധമായിട്ടുണ്ട് എന്നുതന്നെ. ഇവിടെ എണ്ണിപ്പെറുക്കിയ എളിയ പരിമിതികളൊന്നും ഇതിന്റെ മാതൃകാപര

**സമ്പൂർണ്ണമായ ഒരു സാക്ഷാൽക്കാരം**
**കെ.പി. ശങ്കരൻ**
(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)



തയ്ക്കു ബാധകമല്ല.

ഒടുക്കം ഒരംശംകൂടി: അലസിപ്പോയ ഒരു ഗവേഷണസ്വപ്നത്തിൽ അലസട്ടെ എന്നു പ്രാർത്ഥിക്കയാവുമോ വിഹിതം! എല്ലാ അലസിപ്പോക്കും പക്ഷേ, ഇതുപോലത്തെ ആനുഷംഗികഫലങ്ങൾ ആവാഹിച്ചോളണമെന്നില്ലല്ലോ, അല്ലോ?......അതെന്തായാലും, ആസ്വാദകന്റെ സൗന്ദര്യതൃഷ്ണയേക്കാൾ ഗവേഷകന്റെ സത്യനിഷ്ഠയാണ് ഈ സമ്പാദനത്തിൽ പ്രൊഫ. ഗോപാലകൃഷ്ണനിൽ നിയാമകമായി പ്രവർത്തിച്ചിട്ടുള്ളത്. ഇതിന് പ്രകടമായ നിദർശനമാണ് 'കല്യാണപ്പുടവ' എന്ന കവിതയോട് അദ്ദേഹം കാണിച്ച നയം. ഈ കവിതയ്ക്കൊരു രണ്ടാംഭാഗം കൂടി ഇടശ്ശേരി രചിച്ചതാണ്. 1951 -ൽ ആദ്യം ദേശസേവിനി വായനശാലയുടെ വാർഷികോപഹാരത്തിൽ പ്രസിദ്ധപ്പെടുത്തിയത് ആ രൂപത്തിൽത്തന്നെ. പിന്നീട് 'പുത്തൻകലവും അരിവാളും' എന്ന സമാഹാരത്തിൽ ചേർക്കുമ്പോഴാവട്ടെ, ആ രണ്ടാംഭാഗം വെട്ടിക്കളയുകയും ചെയ്തു. അക്കിത്തത്തിന്റെ ഔചിത്യപൂർവകമായ ഒരന്വേഷണമായിരുന്നുവത്രേ ഇങ്ങനെ വെട്ടിക്കളയാൻ ഇടശ്ശേരിക്ക് പ്രേരകം. ഇത് സംബന്ധിച്ച് അക്കിത്തം അയച്ച എഴുത്തിലെ പ്രസക്തവശമടക്കം എല്ലാ വിശദാംശങ്ങളും ആമുഖത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതല്ല പ്രധാനം; വെട്ടിക്കളഞ്ഞ ഈ ഭാഗം അനുബന്ധം ഒന്ന് – പുറം 854–6) കൊടുത്തതിന് പിന്നിലുള്ള അവബോധം സമ്പാദകൻ പ്രകാശിപ്പിക്കുന്നു. "ശസ്ത്രക്രിയ വഴി മുറിച്ചുമാറ്റിയ മാംസപിണ്ഡം ഉടമസ്ഥന് ആവശ്യമില്ലാത്തതും ചെടിപ്പുണ്ടാക്കുന്നതുമാണെങ്കിലും, പരീക്ഷണശാലക്കാരൻ അതെടുത്തു സൂക്ഷിക്കും. അയാൾക്കത് എപ്പോഴെങ്കിലും പ്രയോജനപ്പെടാവുന്ന ഒരു ഉരുപ്പടിയാണല്ലോ". (ആമുഖം പുറം ፧ശശശ) ഇങ്ങനെ ഭദ്രമായ ഒരവബോധത്തിന്റെ അടിത്തറയിൽ അസന്ദിഗ്ധമായ ഭാവുകത്വം കൊണ്ട് ഉയർത്തുമ്പോഴേ ഇതുപോലത്തെ സമ്പൂർണ സമാഹാരം എന്ന ഉദ്യമം സമഞ്ജസമാവൂ.

(മാതൃഭൂമി വാരിക റിവ്യൂ – 1990 സെപ്തമ്പർ 16)